# ശോഭയുടെ മാട്രസ് ഡിവിഷന് ഐഎസ്ഒ 9001:2008 അംഗീകാരം

ശോഭാ ഡെവലപ്പേഴ്സിന്റെ മാട്രസ് ഡിവിഷനായ ശോഭാ റെസ്റ്റോപ്ലസിന് ഗുണനിലവാര അംഗീകാരമായ ഐഎസ്ഒ 9001:2008 ലഭിച്ചു. ടിയുവി റെയ്ൻലാൻഡിൽ നിന്നാണ് ശോഭാ റെസ്റ്റോപ്ലസ് ഈ അംഗീകാരം നേടിയിരിക്കുന്നത്. ടിയുവി ഡയറക്ടർ ഫിനാൻസ് എം. ഭാസ്കർ അംഗീകാര സർട്ടിഫിക്കറ്റ് ശോഭാ ഡെവലപ്പേഴ്സ് ചെയർമാൻ രവി മേനോന് സമ്മാനിച്ചു. 2007–ൽ ബാംഗളൂർ ആസ്ഥാനമായി സ്ഥാപിക്കപ്പെട്ട മാട്രസ് ഡിവിഷൻ ഇക്കാലത്തിനിടെ ഉയർന്ന ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങളാൽ വൻവളർച്ച കാഴ്ചവച്ചിരുന്നു.

റെസ്റ്റോപ്ലസിനു ലഭിച്ച ഈ അംഗീകാരം ഗുണനിലവാരത്തിലുള്ള തങ്ങളുടെ പ്രതിബദ്ധതയെ ഒരിക്കൽക്കൂടി ഊട്ടി ഉറപ്പിക്കുകയാണെന്ന് രവി മേനോൻ പറഞ്ഞു. 27 വിവിധ ഇനം മെത്തകളാണ് ഡിവിഷൻ നിർമിക്കുന്നത്. ഒരു ദിവസം ഉന്നത ഗുണനിലവാരത്തിലുള്ള 100 മെത്തകൾ കമ്പനി വിപണിയിലെത്തിക്കുന്നു.

ബാംഗളൂരിലെ ജിഗ്നി ലിങ്ക് റോഡിലാണ് ഡിവിഷന്റെ 1.7 ലക്ഷം ചതുരശ്ര അടി വിസ്തൃതിയുള്ള നിർമാണ യുണിറ്റ്. ശോഭ നിർമിക്കുന്ന എല്ലാ സ്പ്രിംഗ് മെത്തകളും കോർണെൽ ടൈപ്പ് മാട്രസ് ടെസ്റ്ററിൽ കർശനമായ പരിശോധനയ്ക്ക് വിധേയമാക്കുമെന്ന് മാട്രസ് ഡിവിഷന്റെ എക്സിക്യൂട്ടീവ് വി.പി. രാഘവ് മേനോൻ പറഞ്ഞു. അമേരിക്കയിലെ ലെക്കെഷറ്റ് ആൻഡ് പ്ലാറ്റിൽ നിന്ന് ഇറക്കുമതി ചെയ്തതാണ് ഈ ടെസ്റ്റർ ഉപകരണം.